ഭരണഭാഷ-മാതൃഭാഷ

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorprinting@yahoo.com

നമ്പർ. 5981/2020/ഇ 1/ഡിപി

തീയതി. 03.07.2020

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - ജീവനക്കാര്യം - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള തുടർ മാർഗ്ഗനിർദ്ദേശങ്ങൾ - കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ 27/03/2020 ലെ സ.ഉ (സാധാ) 1282/2020/പെ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 05/06/2020 ലെ ജി.ഒ (ആർ.റ്റി) 1762/2020/ജി.എ.ഡി നമ്പർ സർക്കാർ ഉത്തരവ്.
3. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 07/06/2020 ലെ സ.ഉ.(കൈ) 112/2020/പൊ.ഭ.വ നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 08/06/2020 ലെ ഇതേ നമ്പർ സർക്കുലർ.
5. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 18/06/2020 ലെ സ.ഉ.(കൈ) 117/2020/പൊ.ഭ.വ നമ്പർ ഉത്തരവ്.
6. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 01/07/2020 ലെ എസ്.എസ്.1/236/2020/പൊ.ഭ.വ നമ്പർ സർക്കുലർ.
7. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 02/07/2020 ലെ സ.ഉ.(കൈ) 128/2020/പൊ.ഭ.വ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് 19 നിർവ്യാപന/പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് തുടർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. അതിനനുസൃതമായി അച്ചടി വകുപ്പിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അച്ചടി വകുപ്പിനെ സൂചന (1) പ്രകാരം അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുള്ളതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ചെയ്തു തീർക്കേണ്ട ജോലികൾ, കേരള ഗസറ്റിന്റെ അച്ചടി, തപാൽ വകുപ്പുമായി ബന്ധപ്പെട്ട അടിയന്തിര ജോലികൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ OMR ഷീറ്റ് അച്ചടിയും/ വിതരണവും എന്നീ ജോലികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി ഈ ഉത്തരവ് തീയതി മുതൽ അച്ചടി വകുപ്പ് സാധാരണ നിലയിൽ പ്രവർത്തിക്കേണ്ടതാണ്.

GCPT.224/1294/2020/TP.

2. വിദൂര ജില്ലകളിൽ നിന്നും ജോലിയ്ക്ക് എത്തുന്ന ജീവനക്കാർക്ക് ജോലിയ്ക്ക് എത്താൻ ബുദ്ധിമുട്ട് നേരിടുന്നപക്ഷം അവർക്ക് സർക്കാർ നിർദ്ദേശം അനുസരിച്ച് വകുപ്പ് അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി കളക്ടറേറ്റ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജോലി ചെയ്യാവുന്നതാണ്.

3. ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർക്കാർ പ്രസ്സുകളിലെ സ്ത്രീ ജീവനക്കാർ കൂടുതലുള്ള സെക്ഷനുകളിൽ പുരുഷ ജീവനക്കാരെ പരാമവധി രണ്ടാം ഷിഫ്റ്റിൽ ക്രമീകരിക്കുവാൻ അതാത് ശാഖാകാര്യാലയ മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

4. ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർക്കാർ പ്രസ്സുകളിൽ ആഴ്ചയിൽ ഒരിക്കൽ മാത്രം ജീവനക്കാർക്ക് ഷിഫ്റ്റ് മാറ്റം അനുവദിച്ചാൽ മതിയാകും. (പരസ്പരമുള്ള ഷിഫ്റ്റ്മാറ്റം അനുവദനീയമല്ല)

5. ജീവനക്കാർ കൃത്യമായ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ഒരു കാരണവശാലും മറ്റു സെക്ഷനുകളിൽ അനാവശ്യ സന്ദർശനം നടത്തുന്നില്ലായെന്നും ബന്ധപ്പെട്ട അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

6. കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി Break the Chain ക്യാമ്പയിൻ പരിപാടിയുടെ നടപടിക്രമം എല്ലാ കാര്യാലയങ്ങളിലും കൃത്യമായി പാലിക്കേണ്ടതാണ്.

7. ഇതിനുപുറമെ സൂചന (6), (7) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ പൊതു നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
എല്ലാ സെക്ഷൻ മേധാവികൾ/സെക്യൂരിറ്റി ഓഫീസർ/ചീഫ് ടൈം കീപ്പർ/നോട്ടീസ് ബോർഡ്/
ഫയൽ/കരുതൽ ഫയൽ.

എസ്.കെ.